**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണം വ്യാപകമായി പിടിച്ച സാഹചര്യത്തിൽ ജനങ്ങൾക്ക് നല്ല ഭക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അത് വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികളായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ ഇംപ്രൂവ്മെന്റ്), പിഴ അടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷ കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഹോട്ടലുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണത്തിന് സ്ഥിര പരിശോധനാ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | ഹോട്ടലുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധിച്ച് വരുന്നു. ഇത്തരം പരിശോധനകൾക്ക് പുറമെ ഹോട്ടലുകളിലെ ഭക്ഷണം കൈകാര്യം ചെയ്യുന്ന തൊഴിലാളികളുടെ ശുചിത്വം ഉറപ്പ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും, കൂടാതെ ബോധവൽക്കരണ ക്ലാസുകൾ ഉൾപ്പെടെ ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ